9036
2/5/18

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിൽ നടന്ന തേക്ക് കഴകളുടെ ലേലത്തിലെ ക്രമക്കേടുകൾ- ശ്രീ.വി.എ.മോഹനൻ, റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./186/2018/വനം തീയതി,തിരുവനന്തപുരം, 23/04/2018

---

പരാമർശം:- (1) 10.05.2012 ലെ ഡി&പി വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-17622/2010 നമ്പർ കത്ത്.

(2) 18.09.2012 ലെ 14783/എ1/2010/വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും, കാരണം കാണിക്കൽ നോട്ടീസും.

(3) 06.03.2013 തീയതിയായി ശ്രീ.വി.എ.മോഹനൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക

(4) 23.06.2014 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-17622/2010 നമ്പർ കത്ത്.

(5) 30.05.2015 ലെ സ.ഉ.(സാധാ) നം.226/2015/വനം ഉത്തരവ്.

(6) 01.07.2016 ലെ സ.ഉ.(സാധാ) നം.250/2016/വനം

ഉത്തരവ്.

(7) 01.12.2016 ലെ സ.ഉ.(സാധാ) നം.462/2016/വനം ഉത്തരവ്.

(8) 03.01.2018 ലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ.കാർത്തികേയൻ ഐ.എഫ്.എസിന്റെ ആർ.പി.എൽ/എം.ഡി/എൻക്വയറി/2017/2954 നമ്പർ ഔപചാരികാന്വേഷണ റിപ്പോർട്ട്

(9) 03.02.2018 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-17622/2010 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

07.02.1994 ൽ അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിൽ നടന്ന തേക്ക് കഴകളുടെ പുനർലേലത്തെ തുടർന്ന് സർക്കാരിനുണ്ടായ 3,48,823/- രൂപയുടെ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനു വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് പരാമർശം(1)പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർവ്വശ്രീ.സുനിൽ സഹദേവൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വി.എ.മോഹനൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി, പീരുമേട്, എൻ. രവീന്ദ്രൻപിള്ള, യു.ഡി.ക്ലാർക്ക്, പുനലൂർ ഡിവിഷൻ, കെ.വിജയൻ, യു.ഡി.ക്ലാർക്ക്, അച്ചൻകോവിൽ ഡിവിഷൻ, എസ്.വിജയകുമാർ, യു.ഡി.ക്ലാർക്ക്, അച്ചൻകോവിൽ ഡിവിഷൻ, സാജു തോമസ്, എൽ.ഡി.ക്ലാർക്ക്, തെന്മല ഡിവിഷൻ എന്നിവർക്ക് കുറ്റപത്രവും/കുറ്റാരോപണ പത്രികയും, കൂടാതെ വിരമിച്ച ഉദ്യോഗസ്ഥരായ

സർവ്വശ്രീ.സി.തുളസീധരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.രാധാകൃഷ്ണൻ പിള്ള, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.ജയചന്ദ്രൻ, സീനിയർ സൂപ്രണ്ട്, എം.കെ.സുധാകരൻ, സീനിയർ സൂപ്രണ്ട്, എ.കെ.ആനന്ദൻ, സീനിയർ സൂപ്രണ്ട്, വി.വിജയൻ, സീനിയർ സൂപ്രണ്ട് എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസും പരാമർശം (2) പ്രകാരം നൽകി.

2) കുറ്റപത്രത്തിലെ ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്:

(i) ശ്രീ.പി.എ.ജോണി, പാറപ്പിള്ളി ഹൗസ്, മലയാറ്റൂർ എന്ന വ്യക്തിയുടെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിൽ 28.02.1996-ൽ കാനയാർ റെയിഞ്ചിൽ നടത്തിയ പുനർലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം യഥാസമയം ടിയാനിൽ നിന്നും ഈടാക്കുന്നതിനായി ബന്ധപ്പെട്ട വ്യവഹാരത്തിലെ സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തി കൃത്യവിലോപം കാട്ടി.

(ii) ശ്രീ.പി.എ.ജോണി എന്ന ആൾ ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഒ.പി.13283/95-ാം നമ്പർ വ്യവഹാരത്തിലെ വിധിക്കെതിരെ യഥാസമയം അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തി, തന്മൂലം കൃത്യവിലോപം (dereliction of duty) കാട്ടി.

(iii) ടിയാന്റെ കൃത്യവിലോപം നിമിത്തം സർക്കാരിന് 3,48,823/- രൂപയുടെ (മൂന്ന് ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി എണ്ണൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) നഷ്ടം വരുത്തി.

3) കുറ്റാരോപിതരിൽ ശ്രീ.സി.തുളസീധരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട) ഒഴികെയുള്ളവർ സമർപ്പിച്ച വിശദീകരണങ്ങളിന്മേൽ ഡി&പി വിഭാഗം അഡീഷണൽ

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അഭിപ്രായം അറിയിച്ചു.

4) തുടർന്ന് കുറ്റാരോപിതരെ നേരിൽ കേട്ടതിന്റെയും ടിയാന്മാർ സമർപ്പിച്ച വിശദീകരണങ്ങളുടെയും അതിന്മേലുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ സർവ്വശ്രീ.സുനിൽ സഹദേവൻ, എൻ.രവീന്ദ്രൻപിള്ള, പി.രാധാകൃഷ്ണപിള്ള, എസ്.വിജയകുമാർ, സാജുതോമസ്, വി.വിജയൻ, മരണപ്പെട്ട എ.കെ.ആനന്ദൻ എന്നിവരെ ആരോപണങ്ങളിൽ നിന്നും കുറ്റവിമുക്തരാക്കിക്കൊണ്ടും ടിയാൻമാർക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും പരമാർശം ( 5 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. മറ്റ് കുറ്റാരോപിതർക്കെതിരെ അച്ചടക്ക നടപടി തുടരുന്നതിനും തീരുമാനിച്ചു.

5) ശ്രീ.വി.എ.മോഹനൻ പരമാർശം ( 3 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാൽ ടിയാനെതിരെ പരാർമശം ( 6 ) , ( 7 ) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരമാർ ശം ( 8 ) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം ലഭ്യമാക്കി.

6) ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്:

ടി കേസിൽ പുനർലേലം നടത്തിയിരുന്നത് 28.02.1996 ലാണ്. ശ്രീ.വി.എ.മോഹനൻ കാനയാർ റെയിഞ്ചിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമിതനായത് 30.05.2005 ൽ

നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ലായെന്നും കണ്ടെത്തി. ടിയാന്റെ ഭാഗത്ത് നിന്ന് കൃത്യവിലോപമുണ്ടായതായി കണക്കാക്കാൻ കഴിയില്ല, അതിനാൽ ടിയാനെതിരെ 2-ാമത്തെ ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല.

കുറ്റാരോപണം 1 , 2 എന്നിവയിന്മേലുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപണ വിധേയനായ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് കൃത്യവിലോപം നടന്നിട്ടുള്ളതായി തെളിയിക്കാൻ സാധിക്കാത്തതിനാൽ ടിയാനെതിരെയുള്ള 3-ാമത്തെ കുറ്റാരോപണം നിലനിൽക്കുന്നതല്ല.

7) അന്വേഷണാധികാരിയുടെ കണ്ടെത്തലുകൾ വസ്തുതകളുടെ അടിസ്ഥാനത്തിലായതിനാൽ ഔപചാരികാന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ അംഗീകരിക്കാവുന്നതാണെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (9) പ്രകാരം അറിയിച്ചു.

8) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പുനർലേല നഷ്ടം റിക്കവറി നടത്തുന്നതിനെതിരെ ലേലക്കാരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.നം13283/95 കേസിൽ പരാതിക്കാരനിൽ നിന്നും പണം ഈടാക്കുന്നതിനുള്ള നടപടി സ്റ്റേ ചെയ്തുകൊണ്ട് ഇടക്കാല വിധി 18.08.1995 ൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഇടക്കാല ഉത്തരവ് ഒഴിവാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. തുടർ ന്നാണ് 03.06.2003-ൽ അന്തിമ വിധിയുണ്ടായത്. ടി വിധിയുടെ പകർപ്പ് 17.01.2005-ൽ അച്ചൻ കോവിൽ ഡിവിഷനിൽ

മാത്രമാണ്. കേരള ഫോറസ്റ്റ് കോഡ് വാല്യം II ചാപ്റ്റർ 8.4 പ്രകാരം, കുടിശ്ശിക തുക, ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചട്ടത്തിൽ പ്രതിപാദിക്കുന്ന സമയപരിധിയ്ക്കുള്ളിൽ തന്നെ റിക്കവറി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാകുന്നു. ടി കേസിൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനായി ആരോപണ വിധേയനായ ഉദ്യോഗസ്ഥന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദേശങ്ങൾ നൽകിയതായി പ്രോസിക്യൂഷൻ ഭാഗം തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീ.വി.എ.മോഹനനെതിരായ ഒന്നാമത്തെ ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല.

കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ കാനയാർ റെയിഞ്ച് ഓഫീസറായി ചുമതല ഏറ്റെടുത്തിട്ടുള്ളത് അപ്പീൽ ഫയൽ ചെയ്യേണ്ട കാലയളവിന് ശേഷമാകയാലും കേസ്സുകളുടെ അപ്പീൽ നടത്തിപ്പ് ചുമതലകൾ റെയിഞ്ച് ഓഫീസർമാരുടെ പരിധിയിൽ അല്ലാത്തതിനാലും ഇപ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിന് കുറ്റാരോപിതനായ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി തെളിയിക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. കുറ്റാരോപിതനായ ശ്രീ.വി.എ. മോഹനന് 05.09.2007 ൽ കേസ്സിന്റെ നിലവിലുള്ള സ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയതിന്മേൽ ടിയാൻ യഥാസമയം നടപടി സ്വീകരിച്ച് ഡി.എഫ്.ഒ.യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച അച്ചൻകോവിൽ ഡിവിഷനിലെ ഫയൽ പരിശോധിച്ചതിൽ ഈ വിഷയത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും കല്ലാർ റെയിഞ്ച് ഓഫീസറും തമ്മിലാണ് ആശയവിനിമയം നടത്തിയിട്ടുള്ളതെന്നും കാനയാർ റെയിഞ്ച് ഓഫീസർക്ക് അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ.വി.എ.മോഹനൻ ചാർജെജടുക്കുന്നതിന് മുമ്പാണ് ലഭിച്ചിട്ടുള്ളത്. 26.10.2006 ൽ മാത്രമാണ് പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് ഡിവിഷനിൽ നിന്ന് നടപടി ആരംഭിച്ചത്. എന്നാൽ അപ്പീൽ ഫയൽ ചെയ്യുന്നതിലെ കാലതാമസം കാരണം അപ്പീൽ തള്ളി ഉത്തരവാകുകയുണ്ടായി. പ്രസ്തുത അപ്പീൽ ഫയൽ ചെയ്യുന്നതിന് കുറ്റാരോപിതനെ ചുമതലപ്പെടുത്തിയിട്ടുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാലും കുറ്റാരോപിതന്റെ ഭാഗത്ത് നിന്ന് കൃത്യവിലോപം നടന്നിട്ടുള്ളതായി തെളിഞ്ഞിട്ടില്ലാത്തതിനാലും അന്വേഷണാധികാരിയുടെ കണ്ടെത്തലുകൾ അംഗീകരിച്ച് റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.വി.എ.മോഹനനെതിരെ പരാമർശം ( 2 ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

10) വിരമിച്ച ഉദ്യോഗസ്ഥരായ സർവ്വശ്രീ.സി.തുളസീധരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.ജയചന്ദ്രൻ, സീനിയർ സൂപ്രണ്ട്, എം.കെ.സുധാകരൻ, സീനിയർ സൂപ്രണ്ട്, കെ.വിജയൻ, യു.ഡി.ക്ലാർക്ക് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.വി.എ.മോഹനൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , കേരള
തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ